## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.320** 28.11.2018 - ൽ മറുപടിയ്ക്ക്

## മൃതസഞ്ജീവനി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അവയവ ദാനം ചെയ്യുന്നവരുടെ എണ്ണം കഴിഞ്ഞ രണ്ടു വർഷങ്ങളായി കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ് ; | (എ) കണ്ടെത്തിയിട്ടില്ല |
| (ബി) മൃതസഞ്ജീവനി പദ്ധതിയിലൂടെ വൃക്ക ഹൃദയം, ശ്വാസകോശം, കരൾ എന്നിവ മാറ്റിവയ്ക്കുന്നതിനായി രജിസ്റ്റർ ചെയ്ത രോഗികൾ എത്രപേരുണ്ട് ; | (ബി) മൃതസഞ്ജീവനി പദ്ധതിയിലൂടെ വൃക്ക മാറ്റിവയ്ക്കുന്നതിന് 1756 പേരും ഹൃദയം മാറ്റിവയ്ക്കുന്നതിന് 36 പേരും കരൾ മാറ്റിവയ്ക്കുന്നതിന് 375 പേരും രജിസ്റ്റർ ചെയ്തിട്ടുണ്ട്.ശ്വാസകോശം മാറ്റിവയ്ക്കുന്നതിന് ആരും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല |
| (സി) സമൂഹമാധ്യമങ്ങൾ വഴിയുള്ള ദുഷ്പ്രചരണം മൃതസഞ്ജീവനി പദ്ധതിയെ പിന്നോട്ടടിച്ചുവെന്നു കണ്ടെത്തിയിട്ടുണ്ടോ; | സി) ദുഷ്പ്രചരണം പദ്ധതിയെ പിന്നോട്ടടിപ്പിച്ചുവെന്ന് കണ്ടെത്തിയിട്ടില്ല. |
| (ഡി) സ്വകാര്യ ആശുപത്രികളിലായാലും മുതിർന്ന സർക്കാർ ഡോക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ മസ്തിഷ്ക മരണം സ്ഥിരീകരിക്കാവൂ എന്ന നിർദേശം ഈ പദ്ധതിയെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ; | (ഡി) ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

(ഇ) അവയവദാനം സംബന്ധിച്ച് പ്രത്യേക പ്രചരണം സമൂഹമധ്യത്തിൽ നടത്തുന്നതിനും ഈ പദ്ധതി വിജയ കരമാക്കുന്നതിനും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ഇ) അവയവദാനം സംബന്ധിച്ച് പ്രത്യേക പ്രചരണം സമൂഹമധ്യത്തിൽ നടത്തുന്നതിനും ഈ പദ്ധതി വിജയകരമാക്കുന്നതിനും ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പ്രശസ്ത സിനിമാ താരം പത്മശ്രീ മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ് വിൽ അംബാസിഡറായി നിയമിച്ചിട്ടുണ്ട്. അവയവ ദാനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 'മൃതസഞ്ജീവനി' വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചു വരുന്നുണ്ട്. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തിവരുകയും ചെയ്തു വരുന്നു. ജീവിച്ചിരിക്കുന്നവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും പരോപകാര തല്പരതയോടു കൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്നതിന് മുന്നോട്ടു വരുന്നവർക്കും സ്വാപ്പ് ഡൊണേഷനും വേണ്ടി ഒരു പുതിയ രജിസ്ട്രി കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ്-ന്റെ കീഴിൽ കൊണ്ടുവരുന്നതിനും അവയവ ദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിലേയ്ക്കുമായി 15.02.2018 ലെ സ.ഉ.(കൈ)നം.26/2018/ ആകുവ നമ്പർ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ